(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ തനതു കലാരൂപങ്ങൾ ആസ്വാദകർക്ക് മുന്നിലെത്തിക്കുന്നതിനും അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ പരിപോഷിപ്പിക്കുന്നതിനും അവ പൊതുസമൂഹത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനും അതിലൂടെ ടി കലാരൂപങ്ങൾ നിലനിർത്തുന്നതിനുമാണ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കൂട്ടുസംരംഭങ്ങളായോ, വ്യക്തിപരമായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുള്ള അവസരമൊരുക്കുകയും ഇതിലൂടെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്.

(സി) എല്ലാ സാമ്പത്തിക വർഷവും സർക്കാർ നിശ്ചയിക്കുന്ന രണ്ട് ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകൾ തെരഞ്ഞെടുത്ത് പൈതൃകോത്സവം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ**

120 (5932) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(എ) സംസ്ഥാനത്ത് വാസയോഗ്യ ഭവനങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവന നിർമ്മാണത്തിന് ഏതൊക്കെ പദ്ധതികൾ പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിവരം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2014-ൽ ശേഖരിച്ച കണക്കനുസരിച്ച് 30308 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തതായി കണ്ടെത്തിയിരുന്നു. എന്നാൽ ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ പദ്ധതി, ഹഡ്കോ ലോൺ മുഖാന്തിരം ഭവന നിർമ്മാണം നടത്തുന്ന പദ്ധതി ഇവയിലൂടെ 29581 പേർക്ക് ഭവന നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്നതിന് പദ്ധതി**

121 (5937) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട് ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly